Malayala Manorama ; 23/10/2019

റവന്യൂ ജില്ലാ ശാസ്ത്രോത്സവം ഉദുമ ഗവ.ഹയർസെക്കൻഡറി സ്കൂളിൽ കാസർകോട് സിപിസിആർഐ ഡയറക്ടർ ഡോ.അനിത കരുൺ ഉദ്ഘാടനം ചെയ്യുന്നു

'ഇനി മുന്നേറ്റം കംപ്യൂട്ടർ ടെക്നോളജിയിൽ'

ഉദുമ● ശാസ്ത്ര സാങ്കേതിക രംഗത്ത് കംപ്യൂട്ടർ ടെക്നോളജിയിലാണ് ഇനി മുന്നേറ്റമുണ്ടാകുകയെന്നും ശാസ്ത്രമേഖലയിലേക്കു കടന്നുവരുന്ന വിദ്യാർഥികൾക്ക് സൂക്ഷ്മ നിരീക്ഷണ പാടവമുണ്ടാകണമെന്നും കാസർകോട് സിപിസിആർഐ ഡയറക്ടർ ഡോ. അനിത കരുൺ പറഞ്ഞു. കാസർകോട് റവന്യൂ ജില്ലാ ശാസ്ത്രോത്സവം ഉദുമ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

യുവ ശാസ്ത്രജ്ഞരെ വളർത്തിയെടുക്കാനുള്ള വേദിയായി സ്കൂൾ ശാസ്ത്രോത്സവങ്ങൾ മാറണമെന്നും അനിത കരുൺ പറഞ്ഞു. ജില്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർ കെ.വി.പുഷ്പ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെംബർ സെക്രട്ടറി ഡോ.വി.ബാലകൃഷ്ണൻ മുഖ്യാതിഥിയായി. കാസർകോട് ഡയറ്റ് പ്രിൻസിപ്പൽ ഡോ.എം.ബാലൻ, ജിയോളജി വകുപ്പ് ജില്ലാ ഓഫിസറും സീനിയർ ഹൈഡ്രോളജിസ്റ്റുമായ ഡോ.കെ.എം.അബ്ദുൽ അഷ്റഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ ഓർഡിനേറ്റർ പി.ദിലീപ്കുമാർ, ഉദുമ ജിഎച്ച്എസ്എസ് പ്രധാനാധ്യാപകൻ ടി.വി.മധുസൂദനൻ, പടിഎ പ്രസിഡന്റ് സത്താർ മുക്കുന്നോത്ത്, സ്റ്റുഡന്റ്സ് യൂണിയൻ ചെയർമാൻ ശിവപ്രസാദ് എന്നിവർ പ്രസംഗിച്ചു.

ശാസ്ത്രോൽസവത്തിന്റെ ലോഗോ രൂപകൽപന ചെയ്ത ജിഷ്ണു പവിത്രനെ ചടങ്ങിൽ അനുമോദിച്ചു.

സമാപന സമ്മേളനം കാസർകോട് ജില്ലാ വിദ്യാഭ്യാസ ഓഫിസർ എൻ.നന്ദികേശൻ ഉദ്ഘാടനം ചെയ്തു. പിടിഎ വൈസ് പ്രസിഡന്റ് സി.കെ.അശോകൻ അധ്യക്ഷത വഹിച്ചു.

ഉദുമ ജിഎച്ച്എസ്എസ് പ്രിൻസിപ്പൽ പി.മുരളീധരൻ നായർ, ജില്ലാ ഐടി കോ ഓർഡിനേറ്റർ എം.പി.രാജേഷ്, ഭാരതീ ഷേണായ്, അബ്ദുൽ ഹമീദ്, അമീർ കോടിബയൽ എന്നിവർ പ്രസംഗിച്ചു